# കേരള ഓപ്പൺ കരാട്ടെ ചാമ്പ്യൻഷിപ്പ് 2025

കേരള ഒളിമ്പിക് അസോസിയേഷൻ, കേരള കരാട്ടെ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 10 മുതൽ 12 വരെ തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ കേരള ഓപ്പൺ കരാട്ടെ ചാമ്പ്യൻഷിപ്പ് 2025 സംഘടിപ്പിക്കുന്നു.

? **ആർക്കൊക്കെ രജിസ്റ്റർ ചെയ്യാം?**

കരാട്ടെ മത്സര നിയമങ്ങൾ അനുസരിച്ച് മത്സരിക്കാൻ അറിയുന്ന വൈറ്റ് ബെൽറ്റ് മുതൽ ബ്ലാക്ക് ബെൽറ്റ് വരെ ഉള്ള പ്രായ - ലിംഗ ഭേദമന്യേ കേരളത്തിലെ ഏത് സ്പോർട്ട് കരാട്ടെ ചെയ്യുന്ന കായികതാരത്തിനും രജിസ്റ്റർ ചെയ്യാം.

? **പ്രായ പരിധി ഉണ്ടോ?**

5 വയസ്സ് മുതൽ എല്ലാ പ്രായത്തിലുള്ളവർക്കും പങ്കെടുക്കാം.

? **എങ്ങനെ രജിസ്റ്റർ ചെയ്യാം?**

കേരള ഒളിമ്പിക് അസോസിയേഷന്റെ വെബ്സൈറ്റിലുള്ള കേരള ഓപ്പൺ കരാട്ടെ ചാമ്പ്യൻഷിപ്പ് 2025 ന്റെ രജിസ്ട്രേഷൻ ലിങ്കിൽ കയറി നിങ്ങൾക്ക് വ്യക്തിഗത രജിസ്ട്രേഷനാണോ ഗ്രൂപ്പ് രെജിസ്ട്രേഷൻ ആണോ ചെയ്യേണ്ടത് എന്ന് തിരഞ്ഞെടുക്കുക. വ്യക്തിഗത രജിസ്ട്രേഷൻ ആണ് ചെയ്യേണ്ടതെങ്കിൽ അത് തിരഞ്ഞെടുത്ത് പേരും മറ്റ് വിവരങ്ങളും നൽകി ഫീ അടച്ച് രജിസ്ട്രേഷൻ ഓൺലൈനായി തന്നെ പൂർത്തിയാക്കാം.

അതല്ല പരിശീലകർക്ക് ഗ്രൂപ്പ് ആയി രജിസ്റ്റർ ചെയ്യേണ്ടതെങ്കിൽ ഗ്രൂപ്പ് രജിസ്ട്രേഷനിൽ കയറി അതിൽ എക്സൽ ഫയൽ ഡൗൺലോഡ് ചെയ്ത് അതിൽ ഓരോ മത്സരാർത്ഥിയുടേയും വിവരങ്ങൾ type ചെയ്ത് എക്സൽ ഷീറ്റ് തിരിച്ച് അപ്ലോഡ് ചെയ്ത് കൊടുക്കുകയും അവിടെ തന്നെ ഉള്ള പേയ്മെന്റ് ബോക്സിൽ മത്സരാർത്ഥികളുടെ എണ്ണം ടൈപ്പ് ചെയ്ത് കൊടുത്ത് പേയ്മെന്റ് ചെയ്ത് രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതും ആണ്.

ഓൺലൈനായി രജിസ്റ്റർ ചെയ്യാൻ ബുദ്ധിമുട്ടുള്ള പരിശീലകർക്ക് തങ്ങളുടെ ടീമുകളെ രജിസ്റ്റർ ചെയ്യുന്നതിനായി കേരള ഒളിമ്പിക് അസോസിയേഷൻ പുറത്തിറക്കിയിരിക്കുന്ന എക്സൽ വർക്ക് ഷീറ്റിൽ മത്സരാർത്ഥികളുടെ വിരങ്ങൾ പൂർണ്ണമായും ടൈപ്പ് ചെയ്ത് 9400064002 എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് വർക്ക് ഷീറ്റായി തന്നെ ഷയർ ചെയ്ത് കൊടുക്കുകയും എൻട്രി ഫീ കേരള ഒളിമ്പിക് അസോസിയേഷന്റെ അക്കൗണ്ടിലേക്ക് അടച്ച് അതിന്റെ രസീത് കൂടി അയച്ച് കൊടുത്താൽ രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കാവുന്നതാണ്. (അയക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം അയക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.)

Account name: Kerala Olympic Association
Bank: Federal Bank
Branch: Cottonhill
Account Number: 14290200067743
IFSC code: FDRL0001429

രജിസ്ട്രേഷൻ ലിങ്ക്:

https://keralaolympic.org/karate_championship_2025/

? **ഈ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിന് ടീമുകൾക്ക് മൂന്ന് ദിവസവും തങ്ങേണ്ട ആവശ്യമുണ്ടോ ?**

ഇല്ല. വ്യക്തിഗത രജിസ്ട്രേഷൻ നടത്തുന്നവർ നിങ്ങളുടെ മത്സരങ്ങൾ ഏത് ദിവസം വേണമെന്ന് നിങ്ങൾക്ക് തന്നെ തിരഞ്ഞെടുക്കാൻ വെബ് സൈറ്റ് രജിസ്ട്രേഷൻ ലിങ്കിൽ ഓപ്ഷൻ ഉണ്ട്. ഏത് ദിവസമാണോ നിങ്ങൾ തിരഞ്ഞെടുത്തിരിക്കുന്നത് ആ ദിവസമായിരിക്കും നിങ്ങളുടെ KATA & KUMITE മത്സരങ്ങൾ നടക്കുക.

പരിശീലകർ ടീം രജിസ്റ്റർ ചെയ്യുമ്പോഴും നിങ്ങളുടെ മുഴുവൻ ടീമിനും മത്സരത്തിനായി ഒരു ദിവസം തിരഞ്ഞെടുക്കാവുന്നതാണ്. ഏത് ദിവസമാണോ തിരഞ്ഞെടുക്കുന്നത് ആ ദിവസം ആ ടീമിലെ എല്ലാ പേരുടെയും KATA & KUMITE മത്സരങ്ങൾ കഴിഞ്ഞ് ടീമിന് തിരികെ പോകാവുന്നതാണ്.

നിങ്ങൾ ആഗ്രഹിക്കുന്ന ദിവസം മത്സരത്തിനായി തിരഞ്ഞെടുക്കുന്നതിന് നിങ്ങൾ എത്രയും നേരത്തേ തന്നെ രജിസ്റ്റർ ചെയ്യുക. ഒരു ദിവസം 1000 പേർ പൂർത്തിയായാൽ ആ ദിവസം പിന്നീട് രജിസ്ട്രേഷനായി തിരഞ്ഞെടുക്കാൻ കഴിയുന്നതല്ല.

? **മത്സര വിഭാഗങ്ങൾ ഏതൊക്കെയാണ്?**

രജിസ്ട്രേഷൻ പൂർത്തിയായ ശേഷം ലിംഗം, ബെൽറ്റ്, പ്രായം എന്നിവ അടിസ്ഥാനമാക്കി 4 പേരുള്ള ഗ്രൂപ്പുകളാക്കി തിരിച്ച് KATA മത്സരങ്ങളും ലിംഗം, ബെൽറ്റ്, പ്രായം, ശരീരഭാരം എന്നിവ അടിസ്ഥാനമാക്കി 8 പേരുള്ള ഗ്രൂപ്പുകളാക്കി തിരിച്ച് KUMITE മത്സരങ്ങളും നടക്കും. ഓരോ ഗ്രൂപ്പിലും ഒരു ഗോൾഡ്, ഒരു സിൽവർ, രണ്ട് ബ്രോൺസ് എന്നിങ്ങനെ മെഡലുകളും സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്. KATA മത്സരത്തിൽ പങ്കെടുക്കുന്ന ഏതൊരാളിനും വെങ്കല മെഡൽ എങ്കിലും ഉറപ്പായും ലഭിക്കും എന്ന പ്രത്യേകതയും ഉണ്ട്. ബെൽറ്റും പ്രായവും ഗ്രൂപ്പ് തിരിക്കുന്നതിനുള്ള മാനദണ്ഡമായത് കൊണ്ട് തന്നെ ഒരേ പ്രായത്തിലുള്ള ഒരേ ബെൽറ്റുകാരുമായി മത്സരിക്കാം എന്നതും ഈ ചാമ്പ്യൻഷിപ്പിന്റെ മറ്റൊരു പ്രത്യേകതയാണ്.

? **എന്ന് വരെ രജിസ്റ്റർ ചെയ്യാം?**

2025 ഏപ്രിൽ 5 വരെ രജിസ്റ്റർ ചെയ്യാം.

? **നിങ്ങളുടെ മത്സര സമയവും മത്സരസ്ഥലവും (Tatami) എങ്ങനെ അറിയാൻ കഴിയും?**

രജിസ്ട്രേഷൻ പൂർത്തിയാകുന്ന ഏപ്രിൽ 5 കഴിഞ്ഞാൽ ഈ ചാമ്പ്യൻഷിപ്പിൽ വ്യക്തിഗത രജിസ്ട്രേഷൻ ചെയ്തവർക്കും ടീം രജിസ്ട്രേഷൻ ചെയ്തവർക്കും നിങ്ങൾ നൽകിയിരിക്കുന്ന വാട്ട്സാപ്പ് നമ്പരിലേക്ക് നിങ്ങളുടെ ചെസ്റ്റ് നമ്പർ അയച്ച് തരുന്നതായിരിക്കും. മത്സരത്തിൽ പങ്കെടുക്കുന്നവരെല്ലാം നിങ്ങളുടെ ചെസ്റ്റ് നമ്പരും രജിസ്റ്റർ ചെയ്ത പ്രായവും കൃത്യമായി ഓർത്തിരിക്കേണ്ടത് ആവശ്യമാണ്. നിങ്ങളുടെ മത്സര ദിവസം നിങ്ങൾ സ്റ്റേഡിയത്തിൽ രാവിലെ 8 മണിക്ക് തന്നെ എത്തിച്ചേരുക. ഓരോ മണിക്കൂറിലും അതാത് മത്സര സ്ഥലങ്ങളിൽ എത്തേണ്ട മത്സരാർത്ഥികളുടെ ചെസ്റ്റ് നമ്പർ സ്റ്റേഡിയത്തിലെ സ്ക്രീനിൽ പ്രദർശിപ്പിക്കുന്നുണ്ടാകും. പ്രായം അനുസരിച്ചായിരിക്കും ഓരോ മണിക്കൂറിലും മത്സരങ്ങൾ നടത്തുന്നതിന്റെ ചാർട്ട് സ്ക്രീനിൽ കാണിക്കുക. സ്റ്റേഡിയത്തിലുള്ള എല്ലാ പേർക്കും ഏതാ മത്സര സ്ഥലത്ത് ഏതൊക്കെ ചെസ്റ്റ് നമ്പരിലുള്ളവരുടെ മത്സരം നടക്കുന്നു എന്ന് കാണാനും യാതൊരു ആശയകുഴപ്പം ഇല്ലാതെയും കാലതാമസമില്ലാതെയും ആയിരിക്കും മത്സരങ്ങൾ നടക്കുക.

? **യൂണിഫോം & എക്യുപ്മെന്റ്?**

KATA മത്സരത്തിന് വെള്ള കരാട്ടെ യൂണിഫോമും നിങ്ങളുടെ ഗ്രേഡ് ബെൽറ്റും ആണ് ധരിക്കേണ്ടത്.

KUMITE മത്സരത്തിന് വെള്ള കരാട്ടെ യൂണിഫോമും നീല (AO), ചുമപ്പ് (AKA) ബെൽറ്റും ഗ്ലൗസ്, ഷിൻഗാർഡ് - ഫൂട്ട് പ്രൊട്ടക്റ്റർട്ടക്റ്റർ, ബോഡി പ്രൊട്ടക്ടർ, മൗത്ത് ഗാർഡ്, ഹെഡ് ഗാർഡ്(14 വയസിന് താഴെ ഉള്ളവർക്ക്) എന്നിവയും ആണ് ധരിക്കേണ്ടത്.

? **എത്ര റൗണ്ട് മത്സരങ്ങൾ ഉണ്ടാകും?**

KATA ഒരു കത്ത മാത്രമേ ചെയ്യേണ്ടതുള്ളൂ. 4 പേരുള്ള ഗ്രൂപ്പിൽ ഓരോരുത്തർക്കും ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും സ്ഥാനങ്ങൾ നിശ്ചയിക്കുക.

KUMITE പരമാധി മൂന്ന് റൗണ്ട് ആയിരിക്കും ഉണ്ടായിരിക്കുക. എലിമിനേഷൻ സിസ്റ്റം അനുസരിച്ചാണ് നടക്കുക.

? **എല്ലാ ബെൽറ്റ് ലവലിലുള്ള മത്സരങ്ങളിലും എല്ലാ കത്തയും ചെയ്യാൻ കഴിയുമോ?**

Brown, Black ബെൽറ്റ് വിഭാഗങ്ങളിൽ KATA മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് ഏത് കത്ത വേണമെങ്കിലും പ്രകടനത്തിനായി തിരഞ്ഞെടുക്കാം.

എന്നാൽ വൈറ്റ് ബെൽറ്റ് മുതൽ പർപ്പിൾ ബെൽറ്റ് (ബ്രൗൺ ബെൽറ്റിന് താഴെ ഉള്ളവർ) വരെയുള്ളവർക്ക് KATA തിരഞ്ഞെടുക്കുന്നതിന് നിയന്ത്രണം ഉണ്ട്. ഈ വിഭാഗത്തിൽ ചെയ്യാൻ അനുവദനീയമായ കത്തകൾ ഇവയാണ്. Junino series, Taikyoku series, Pinan series, Heian series, Fuki series or Gekisai series.

? **മത്സരാർത്ഥികൾക്ക് ഭക്ഷണം നൽകുന്നുണ്ടോ?**

മത്സരാർത്ഥികൾക്കും പരിശീലകർക്കും ഉച്ച ഭക്ഷണം സംഘാടകർ ഏർപ്പെടുത്തുന്നുണ്ട്. അതിനായി അതാത് ടീമുകളും വ്യക്തിഗത രജിസ്ട്രേഷൻ ചെയ്തവരും അതാത് ദിവസം കൂപ്പണും ചെസ്റ്റ് നമ്പരും കൗണ്ടറിൽ നിന്നും മേടിക്കേണ്ടതാണ്.

കൂടുതൽ മത്സരാർത്ഥികളെ പങ്കെടുപ്പിക്കുന്ന ടീമുകൾക്ക് / കരാട്ടെ സ്കൂളുകൾക്ക് ട്രോഫി ഉണ്ടോ?

ഏറ്റവും കൂടുതൽ മത്സരാർത്ഥികളെ രജിസ്റ്റർ ചെയ്യുന്ന ടീമിന് / സ്കൂളിന് ട്രോഫി നൽകുന്നതാണ്.

? **ഓവറാൾ കൂടുതൽ പോയിന്റ് നേടുന്ന ടീമിന് / സ്കൂളിന് ട്രോഫി നൽകുന്നുണ്ടോ?**

ഈ ചാമ്പ്യൻഷിപ്പിൽ ഏറ്റവും അധികം പോയിന്റ് നേടുന്ന ആദ്യ മൂന്ന് സ്ഥാനങ്ങളിൽ എത്തുന്ന ടീമുകൾക്ക് / സ്കൂളുകൾക്ക് ട്രോഫികൾ നൽകുന്നതാണ്.

കേരളത്തിലെ കരാട്ടെ പരിശീലകർക്കും കരാട്ടെ പഠിതാക്കൾക്കും മത്സരാർത്ഥികൾക്കും വലിയ സാധ്യതകൾ നൽകുന്ന ഈ മെഗാ പരിപാടിയുടെ ഭാഗമാകൂ. ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ കേരള ഓപ്പൺ കരാട്ടെ ചാമ്പ്യൻഷിപ്പ് നൽകുന്ന നവീന കരാട്ടെ മത്സര അനുഭവം നിങ്ങളുടെ കരാട്ടെ യാത്രയിൽ മുതൽക്കൂട്ടാക്കൂ.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും വിളിക്കുക 94000 64002